# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ്, പടന്നക്കാട്

**ജി1-1560/2023** **തീയ്യതി:10.08.2023**

**<u>പുനർ ലേല പരസ്യം</u>**

ഈ കോളേജിലെ 7C ബ്ലോക്കിലെ 2 മാവുകളും 2 തെങ്ങും **18.08.2023 വെള്ളിയാഴ്ച 3 മണിക്ക്** ഈ കേന്ദ്രത്തിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു. അപ്രതീക്ഷിതമായ എന്തെങ്കിലും കാരണത്താൽ അന്നേ ദിവസം അവധി ആവുകയാണെങ്കിൽ അതിനടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം 3 മണിക്ക് മുമ്പായി ഈ ഓഫീസിൽ ഹാജരായി 1,500/- രൂപ നിരതദ്രവ്യം അടക്കേണ്ടതാണ്. ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്യുന്ന ആൾക്ക് തുക തൃപ്തികരമാണെങ്കിൽ ലേലം ഉറപ്പിച്ചു നൽകുന്നതാണ്. ലേലം ഉറപ്പിച്ചു കഴിഞ്ഞാൽ മൊത്തം തുകയുടെ മൂന്നിലൊരു ഭാഗം ലേലക്കാരൻ അപ്പോൾ തന്നെ ഓഫീസിൽ അടക്കേണ്ടതാണ്. ലേലത്തീയതി മുതൽ ഒരാഴ്ച്ചക്കുള്ളിൽ ബാക്കി മുഴുവൻ തുകയും നിശ്ചിത ശതമാനം ജി.എസ്.ടി യും വനനികുതിയും (ജി.എസ്.ടി 18%, വനനികുതി-(ലേലത്തുക + ജി.എസ്.ടി) യുടെ 5%) അടച്ച് സാധനം സ്വന്തം ചെലവിലും ഉത്തരവാദിത്ത്വത്തിലും രണ്ടാഴ്ചക്കുള്ളിൽ നീക്കം ചെയ്യേണ്ടതുമാണ്.

മരം മുറിക്കുന്നതിനിടയിലോ കൊണ്ടുപോകുന്നതിനിടയിലോ ഫാമിലെ മറ്റുവിളകൾക്കോ സ്ഥാവര ജംഗമ വസ്തുക്കൾക്കോ വല്ല കേടുപാടുകളും സംഭവിക്കുകയാണെങ്കിൽ ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും അതിന്റെ നഷ്ടം ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

മറ്റ് സർക്കാർ ലേലത്തിനുള്ള എല്ലാം നിബന്ധനകളും ഇതിനും ബാധകമാണ്. ലേല സംബന്ധമായി കേന്ദ്രം മേധാവിയുടെ തീരുമാനം അന്തിമവും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്. ലേലം നിർത്തിവയ്ക്കാനോ മാറ്റിവയ്ക്കാനോ ഉള്ള അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ലേലത്തിന് വെച്ച മരങ്ങൾ സാധാരണ പ്രവൃത്തി ദിവസങ്ങളിൽ ഫാമിൽ വന്ന് നേരിട്ട് കാണാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്.

**ഫോൺ നം. 0467 2280616**

ഒപ്പ്/-
**ഡോ. ടി സജിതാ റാണി**
ഡീൻ

**പകർപ്പ്:-**

1. എ2 സെക്ഷൻ
2. നോട്ടീസ് ബോർഡ്
3. ഓഫീസർ ഇൻചാർജ്ജ് ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I
4. ഫാം സൂപ്രണ്ട് ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I
5. മുൻസിപ്പാലിറ്റി (നീലേശ്വരം / കാഞ്ഞങ്ങാട് )
6. വില്ലേജ് ഓഫീസ് (കാഞ്ഞങ്ങാട്/ നീലേശ്വരം)
7. കാർഷിക കോളേജ് പടന്നക്കാട് വെബ്സൈറ്റ്

**// അംഗീകാരത്തോടുകൂടി അയക്കുന്നത്//**

**സെക്ഷൻ ഓഫീസർ**